മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 19

# വാർത്താക്കുറിപ്പ് (1)

---

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

മൂന്ന്, നാല് സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ, ബി.കോം (സി.ബി.സി.എസ്.എസ് - 2014,2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2012,2013 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പ്രോഗ്രാമുകൾക്ക് ഡിസംബർ 28 വരെ അപേക്ഷ നൽകാം.

പിഴയോടെ ഡിസംബർ 29 നും സൂപ്പർ ഫൈനോടെ ഡിസംബർ 30 നും അപേക്ഷ സ്വീകരിക്കും.

ഓരോ സെമസ്റ്ററിനും 35 രൂപ നിരക്കിൽ അപേക്ഷാ ഫോറത്തിനും ഒരു പേപ്പറിന് 40 രൂപ നിരക്കിൽ (പരമാവധി 240 രൂപ) സി.വി ക്യാമ്പ് ഫീസും പരീക്ഷാ ഫീസിനോടൊപ്പം അടയ്ക്കണം.

2012 അഡ്മിഷൻ വിദ്യാർഥികൾ 7720 രൂപയും 2013 അഡ്മിഷൻ വിദ്യാർഥികൾ 5515 രൂപയും മെഴ്സി ചാൻസിനുള്ള സ്പെഷ്യൽ ഫീസ് പരീക്ഷാ ഫീസിനും സി.വി. ക്യാമ്പ് ഫീസിനുമൊപ്പം അടയ്ക്കണം.

അപേക്ഷിക്കേണ്ട രീതിയും കൂടുതൽ വിവരങ്ങളും സർവകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/1759/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി സൈബർ ഫോറൻസിക് (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ജനുവരി അഞ്ചു മുതൽ അതത് കോളജുകളിൽ നടത്തും.

-------------------------

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫുഡ് ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി -

ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ജനുവരി നാല്, അഞ്ച് തീയതികളിൽ അമലഗിരി ബി.കെ. കോളജിൽ നടത്തും.

---------------------------

നാലാം സെമസ്റ്റർ ബി.വോക് സസ്റ്റെയിനബിൾ അഗ്രികൾച്ചർ (പുതിയ സ്കീം, 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2018 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 23 മുതൽ പാലാ, സെൻറ് തോമസ് കോളജിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1760/2022)

## പരീക്ഷാ ഫലം

ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി (ഓണേഴ്സ്, 2016 അഡ്മിഷൻ സപ്ലിമെൻററി - ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ 30 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

------------------------------------------------

മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ് - എം.എ. ഇംഗ്ലീഷ് (റഗുലർ, സപ്ലിമെൻററി - ഏപ്രിൽ 2022), മൂന്ന്, നാല് സെമസ്റ്ററുകൾ പ്രൈവറ്റ് - എം.എ. ഇംഗ്ലീഷ് (2019 അഡ്മിഷൻ റഗുലർ - സെപ്റ്റംബർ 2021) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 31 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

--------------------------------------------------

അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി. (2019 അഡ്മിഷൻ റഗുലർ, 2018 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം 2023 ജനുവരി മൂന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ./39/1761/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**